## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1107.** **10.06.2019 ൽ മറുപടിയ്ക്ക്**

## ലഹരിമരുന്ന് മാഫിയ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ലഹരി മരുന്ന് മാഫിയ നടത്തുന്ന ലഹരി വസ്തുക്കളുടെ വിതരണം വ്യാപകമായി നടക്കുന്നു എന്നതും ആയതിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എക്സൈസ് വകുപ്പ് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | ദിനംപ്രതി പുതിയ ലഹരി വസ്തുക്കൾ പല രൂപത്തിലും ഭാവത്തിലും വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പുറത്തിറക്കുന്നു എന്നതിനാൽ അവ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ, പുതിയ ലഹരി വസ്തുക്കൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് നിരന്തര രഹസ്യ നിരീക്ഷണം നടത്തിവരുന്നു. ഇപ്രകാരം വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

<table>
<tr>
<td>(സി)</td>
<td>സ്കൂൾ കോളേജ് പരിസരങ്ങളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര രൂപയുടെ നിരോധിത ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ലഹരി മരുന്ന് കേസുകളിൽ പിടികൂടുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;</td>
<td>(സി)</td>
<td><u>ജില്ലതിരിച്ചുള്ള വിവരണം.</u>
<table>
<tr><th>ജില്ലകൾ</th><th>തുക</th></tr>
<tr><td>തിരുവനന്തപുരം</td><td>43,02,100/-</td></tr>
<tr><td>കൊല്ലം</td><td>3,21,835/-</td></tr>
<tr><td>പത്തനംതിട്ട</td><td>1,60,000/-</td></tr>
<tr><td>ആലപ്പുഴ</td><td>3,63,200/-</td></tr>
<tr><td>കോട്ടയം</td><td>30,000/-</td></tr>
<tr><td>ഇടുക്കി</td><td>84,400/-</td></tr>
<tr><td>എറണാകുളം</td><td>2,81,25,000/-</td></tr>
<tr><td>തൃശ്ശൂർ</td><td>0</td></tr>
<tr><td>പാലക്കാട്</td><td>5,25,000/-</td></tr>
<tr><td>മലപ്പുറം</td><td>42,000/-</td></tr>
<tr><td>കോഴിക്കോട്</td><td>64,150/-</td></tr>
<tr><td>വയനാട്</td><td>0</td></tr>
<tr><td>കണ്ണൂർ</td><td>16,000/-</td></tr>
<tr><td>കാസർഗോഡ്</td><td>0</td></tr>
<tr><td>ആകെ</td><td>3,40,33,685/-</td></tr>
</table>
ലഹരി മരുന്നു കേസുകളിൽ പിടിക്കപ്പെടുന്നവർക്കെതിരെ കടുത്തശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>ലഹരിമരുന്ന് മാഫിയയെ നേരിടുന്നതിനായി ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;</td>
<td>(ഡി)</td>
<td>ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | കർശനമാക്കിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. |
| (ഇ) | പുതു തലമുറ ലഹരിക്കടിമപ്പെട്ട് പോകാതിരിക്കാൻ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ കൂടി നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പുതുതലമുറ ലഹരിയ്ക്ക് അടിമപ്പെട്ട് പോകാതിരിക്കാൻ സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡവലപ്പ്മെൻറ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളേയും അദ്ധ്യാപകരേയും കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ.യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചുകൊണ്ട് 506 വിവിധ ബോധവത്ക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**